## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2142 | 01.02.2018 ൽ മറുപടിയ്ക്ക് |
|---|---|

### സംയോജിത ശിശുവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**,, എൻ. വിജയൻ പിള്ള**<br>**,, ഒ.ആർ കേളു** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ആറുമാസം മുതൽ ആറുവയസ്സുവരെയുള്ള കുട്ടികളുടെ പോഷകാഹാരം, പരിപാലനം, മുലയൂട്ടുന്ന അമ്മമാരുടെ ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി സംയോജിത ശിശുവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്ന് വിശദമാക്കാമോ; | (ബി) കേന്ദ്ര-സംസ്ഥാന വിഹിതം (താഴെ പട്ടിക കാണുക) |
| (സി)പദ്ധതിയുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) പുതുക്കിയ ആന്വൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ(APIP) 2017-18 പ്രകാരം കേന്ദ്ര-സംസ്ഥാന വിഹിതത്തിൽ മാറ്റം വന്നിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം ഐ.സി.ഡി.എസ് സാലറി ഇനത്തിന്റെ കേന്ദ്ര-സംസ്ഥാന അനുപാതം 01.12.2017 മുതൽ 60:40 ൽ നിന്നും 25:75 ആയി വെട്ടിക്കുറച്ചിട്ടുണ്ട്. ഇതു കൂടാതെ ഐ.സി.ഡി.എസ് പദ്ധതി നടത്തിപ്പിലേക്കായി സേവനമനുഷ്ഠിക്കുന്ന 2755 ജീവനക്കാരിൽ നിന്നും 851 മിനിസ്റ്റീരിയൽ വിഭാഗങ്ങളെ പൂർണ്ണമായും കേന്ദ്ര സ്റ്റാഫ് പാറ്റേണിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG) പദ്ധതി പ്രകാരം കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് കേന്ദ്ര ഫണ്ട് അനുവദിച്ചിരുന്നത് 11 നും 14 നും ഇടയിലുള്ള സ്കൂളുകളിൽ പോകാത്ത കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തി. അനുപൂരക പോഷകാഹാരം കേന്ദ്ര വിഹിതത്തിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ഡി) പദ്ധതി നടത്തിപ്പിന്റെ മുഴുവൻ ഉത്തരവാദിത്തവും സംസ്ഥാന സർക്കാരിനുമേൽ അടിച്ചേൽപ്പിക്കുവാനുള്ള കേന്ദ്ര നീക്കത്തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) പദ്ധതിയുടെ കേന്ദ്രവിഹിതം വെട്ടികുറച്ചതുമൂലം സംസ്ഥാനത്ത് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. |

(ബി) കേന്ദ്ര-സംസ്ഥാന വിഹിതം

| | | |
|---|---|---|
| 1. | ICDS ജനറൽ | |
| | i.ICDS ജീവനക്കാരുടെ ശമ്പളം | 25:75 |
| | ii.ഹോണറേറിയം | 60:40 |
| | iii.മെഡിസിൻ കിറ്റ് | 60:40 |
| | iv. പ്രീസ്കൂൾ കിറ്റ് | 60:40 |
| 2. | ട്രെയിനിംഗ് | 60:40 |
| 3. | അനുപൂരക പോഷകാഹാര പദ്ധതി | 50:50 |
| 4. | സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG) | 60:40 |
| 5. | കിശോരി ശക്തി യോജന(KSY) | 60:40 |

സെക്ഷൻ ഓഫീസർ